**മധുരമായ കുട്ടികളേ - നിങ്ങൾ റോയലായ കുലത്തിലെ റോയൽ വിദ്യാർത്ഥികളാണ്, നിങ്ങളുടെ പെരുമാറ്റം വളരെ റോയലായിരിക്കണം അപ്പോഴേ ബാബയെ പ്രത്യക്ഷമാക്കാൻ സാധിക്കൂ.**

**ചോദ്യം:-** വിനാശസമയത്ത് അന്തിമ പേപ്പറിൽ ആര് പാസ്സാകും? അതിനുവേണ്ടിയുള്ള പുരുഷാർത്ഥം എന്താണ്?
**ഉത്തരം:-** അന്തിമ പേപ്പറിൽ പാസ്സാകാൻ സാധിക്കുന്നത് അവർക്കാണ് ആർക്കാണോ ഒരു ബാബയെ അല്ലാതെ പഴയ ലോകത്തിലെ ഒരു വസ്തുവും ഓർമ്മ വരാത്തത്. ഓർമ്മ വന്നൂ അർത്ഥം തോറ്റു. ഇതിനുവേണ്ടി പരിധിയില്ലാത്ത മുഴുവൻ ലോകത്തോടുമുള്ള മമത്വം ഇല്ലാതാകണം. സഹോദര-സഹോദരങ്ങളാണ് എന്ന പക്കയായ അവസ്ഥ വേണം. ദേഹാഭിമാനം മുറിഞ്ഞിരിക്കണം.

**ഓം ശാന്തി.** കുട്ടികൾക്ക് സദാ ഈ ലഹരി ഉണ്ടായിരിക്കണം അതായത് നമ്മൾ എത്ര റോയലായ വിദ്യാർത്ഥികളാണ്. പരിധിയില്ലാത്ത അധികാരി നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ എത്ര ഉയർന്ന റോയൽ കുലത്തിലെ റോയൽ വിദ്യാർത്ഥികളാണ്, അതുകൊണ്ട് റോയൽ വിദ്യാർത്ഥികളുടെ പെരുമാറ്റവും റോയലായിരിക്കണം, അപ്പോൾ മാത്രമാണ് ബാബയുടെ പ്രത്യക്ഷത ഉണ്ടാവുക. നിങ്ങൾ ശ്രീമതത്തിലൂടെ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് നിമിത്തമായിരിക്കുന്നു. നിങ്ങൾക്ക് ശാന്തി പാരിതോഷികമായി ലഭിക്കുന്നു. അതും ഒരു ജന്മത്തേക്കല്ല, ജന്മ-ജന്മാന്തരങ്ങളിലേക്ക് ലഭിക്കുന്നു. എന്താ കുട്ടികൾ അച്ഛന് നന്ദി പ്രകടിപ്പിക്കില്ലേ! ബാബ സ്വയം വന്ന് കൈയ്യിൽ സ്വർഗ്ഗം നൽകുന്നു. എന്താ കുട്ടികൾക്ക് അറിയുമായിരുന്നോ ബാബ വന്ന് ഇത് നൽകുമെന്ന്! ഇപ്പോൾ ബാബ പറയുന്നു- മധുരമായ കുട്ടികളേ, എന്നെ ഓർമ്മിക്കൂ. ഓർമ്മിക്കാൻ പറയുന്നത് എന്തിനാണ്? എന്തുകൊണ്ടെന്നാൽ ഈ ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ. പരിധിയില്ലാത്ത അച്ഛന്റെ പരിചയം ലഭിച്ചു നിശ്ചയം വന്നു. ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യവുമില്ല. ഭക്തിമാർഗ്ഗത്തിൽ പിതാവേ-പിതാവേ എന്ന് വിളിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും അച്ഛനിൽ നിന്ന് എന്തെങ്കിലും സമ്പത്ത് ലഭിക്കും. നിങ്ങൾക്ക് പുരുഷാർത്ഥത്തിന്റെ മാർജിനുമുണ്ട്. എത്രത്തോളം ശ്രീമതത്തിലൂടെ പുരുഷാർത്ഥം ചെയ്യുന്നോ അത്രയും ഉയർന്ന പദവി ലഭിക്കും. അച്ഛൻ, ടീച്ചർ, സദ്ഗുരു-മൂന്ന് പേരുടേയും ശ്രീമതം ലഭിക്കുന്നു. ആ നിർദ്ദേശങ്ങളിലൂടെ നടക്കണം. തന്റെ വീട്ടിൽത്തന്നെ കഴിയണം. നിർദ്ദേശങ്ങളിലൂടെ നടക്കുന്നതിലാണ് വിഘ്നമുണ്ടാകുന്നത്. മായയുടെ ആദ്യത്തെ വിഘ്നം ദേഹാഭിമാനം തന്നെയാണ്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. എന്നിട്ടും എന്തുകൊണ്ടാണ് ശ്രീമതത്തെ മാനിക്കാത്തത്? കുട്ടികൾ പറയുന്നു ഞങ്ങൾ പരിശ്രമിക്കുന്നുണ്ട് എന്നാൽ മായ ചെയ്യാൻ അനുവദിക്കുന്നില്ല. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് വിശേഷിച്ചും പഠിപ്പിൽ തീർച്ചയായും പുരുഷാർത്ഥം ആവശ്യമാണ്. ആരാണോ നല്ല കുട്ടികൾ അവരെ പിന്തുടരണം. എല്ലാവരും ഈ പുരുഷാർത്ഥമാണ് ചെയ്യുന്നത് അതായത് നമുക്ക് ബാബയിൽ നിന്ന് ഉയർന്ന സമ്പത്തെടുക്കണം. മുള്ളിൽ നിന്ന് പുഷ്പമാകുന്നതിന് ഓർമ്മ അത്യാവശ്യമാണ്. 5 വികാരങ്ങളുടെ മുള്ള് ഇല്ലാതാകുകയാണെങ്കിൽ പുഷ്പമായിത്തീരും. മുള്ളില്ലാതാകുന്നത് യോഗ ബലത്തിലൂടെയാണ്. പല കുട്ടികളും ഇങ്ങനെ ചിന്തിക്കാറുണ്ട്, ഇന്നയാൾ ഇങ്ങനെ പോയി, ഒരുപക്ഷേ നമ്മളും പോകും. എന്നാൽ അവരെക്കണ്ട് വീണ്ടും പുരുഷാർത്ഥം ചെയ്യുകയല്ലേ വേണ്ടത്. ശരീരം വിടുമ്പോൾ ബാബയുടെ ഓർമ്മ ഉണ്ടായിരിക്കണം, വശീകരണ മന്ത്രം ഓർമ്മ ഉണ്ടായിരിക്കണം. ബാബയെക്കൂടാതെ മറ്റൊന്നും തന്നെ ഓർമ്മ ഉണ്ടാകരുത്, അപ്പോൾ പ്രാണൻ ശരീരത്തിൽ നിന്ന് പോകണം. ബാബാ ഞങ്ങൾ അങ്ങയുടെ അടുത്ത് എത്തിക്കഴിഞ്ഞു അത് മാത്രമായിരിക്കണം ചിന്ത. ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കുന്നതിലൂടെ ആത്മാവിൽ എന്ത് അഴുക്കാണോ നിറഞ്ഞിരിക്കുന്നത്, അതെല്ലാം ഭസ്മമാകും. ആത്മാവിലുണ്ടെങ്കിൽ അത് ശരീരത്തിലും ഉണ്ടാകും എന്ന് പറയാറുണ്ട്. ജന്മ-ജന്മാന്തരങ്ങളിലെ അഴുക്കുണ്ട്, അതെല്ലാം കത്തണം. എപ്പോഴാണോ നിങ്ങളുടെ മുഴുവൻ അഴുക്കും കത്തുന്നത് അപ്പോൾ ലോകവും ശുദ്ധമാകും. നിങ്ങളിലൂടെ ലോകത്തിൽ നിന്ന് മുഴുവൻ അഴുക്കും ഇല്ലാതാകണം. നിങ്ങൾക്ക് കേവലം നിങ്ങളുടെ അഴുക്ക് ഇല്ലാതാക്കിയാൽ പോരാ, എല്ലാവരുടെയും അഴുക്ക് വൃത്തിയാക്കണം. ബാബയെ വിളിക്കുന്നത് തന്നെ, ബാബാ വന്ന് ഈ ലോകത്തിൽ നിന്ന് അഴുക്കിനെ ഇല്ലാതാക്കൂ എന്ന് പറഞ്ഞാണ്. മുഴുവൻ വിശ്വത്തെയും പവിത്രമാക്കൂ. ആർക്ക് വേണ്ടി? ആ പവിത്ര ലോകത്ത് നിങ്ങൾ കുട്ടികൾ തന്നെയാണ് ഏറ്റവും ആദ്യം രാജ്യം ഭരിക്കാൻ വേണ്ടി വരുന്നത്. അതുകൊണ്ട് ബാബ നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ ദേശത്തിൽ വന്നിരിക്കുകയാണ്.

ഭക്തിയും ജ്ഞാനവും തമ്മിൽ വളരെ അധികം വ്യത്യാസമുണ്ട്. ഭക്തിയിൽ എത്ര നല്ല-നല്ല ഗീതങ്ങളാണ് പാടുന്നത്, എന്നാൽ ആരുടെയും മംഗളം ഉണ്ടാകുന്നില്ല. മംഗളം ഉള്ളത് തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുന്നതിലും ബാബയെ ഓർമ്മിക്കുന്നതിലും മാത്രമാണ്. എങ്ങനെയാണോ ലൈറ്റ് ഹൗസ് കറങ്ങുന്ന ത് അതുപോലെയാണ് നിങ്ങളുടെ ഓർമ്മ. സ്വദർശനത്തെത്തന്നെയാണ് ലൈറ്റ് ഹൗസെന്ന് പറയുന്നത്. നിങ്ങൾ കുട്ടികൾ ഹൃദയം കൊണ്ട് മനസ്സിലാക്കുന്നുണ്ട് നമുക്ക് ബാപ്ദാദയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കാനുണ്ട്. ഇതുതന്നെയാണ് നരനിൽ നിന്നും നാരായണനാകുന്നതിനുള്ള സത്യ നാരായ ണന്റെ കഥ. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങളുടെ ആത്മാവ് തമോപ്രധാനമാണ്, അതിനെ സതോപ്ര ധാനമാക്കണം. സത്യയുഗത്തിൽ സതോപ്രധാനമായിരുന്നു ഇപ്പോൾ വീണ്ടും സതോപ്രധാനമാക്കാൻ ബാബ വന്നിരിക്കുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ സതോപ്രധാനമാകും. ബാബ തന്നെയാണ് ഗീത കേൾപ്പിച്ചത്. ഇപ്പോഴാണെങ്കിൽ മനുഷ്യർ കേൾപ്പിക്കുന്നു, എത്ര വ്യത്യാസമാ ണ്. ഭഗവാൻ  ഭഗവാൻ തന്നെയാണ്, ഭഗവാനാണ് മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നത്. പുതിയ ലോക ത്തിൽ പവിത്ര ദേവതകൾ മാത്രമാണുള്ളത്. പരിധിയില്ലാത്ത ബാബ തന്നെയാണ് പുതിയ ലോകത്തിന്റെ സമ്പത്ത് തരുന്നത്. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അന്തിമസമയത്തെ മനം പോലെ ഗതി ശ്രേഷ്ഠമാകും. നിങ്ങൾക്കറിയാം - ബാബ വരുന്നത് സംഗമയുഗത്തിലാണ്, പുരുഷോത്തമനാക്കു ന്നതിന് വേണ്ടി. ഇപ്പോൾ ഈ 84-ന്റെ ചക്രം പൂർത്തിയാകുന്നു, വീണ്ടും ആരംഭിക്കും. ഈ സന്തോഷവും ഉണ്ടായിരിക്കണം. പ്രദർശിനിയിൽ ആരെല്ലാമാണോ വരുന്നത് അവരെ ആദ്യം ശിവബാബയുടെ ചിത്ര ത്തിന് മുന്നിൽ കൊണ്ടുപോയി നിർത്തൂ. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുന്നതിലൂടെ ഇങ്ങനെ യായിത്തീരും. അച്ഛനിൽ നിന്ന് സമ്പത്ത് തന്നെ സത്യയുഗത്തിന്റെതാണ് ലഭിക്കുന്നത്. ഭാരതം സത്യയു ഗമായിരുന്നു, ഇപ്പോൾ അല്ല, വീണ്ടും ആകണം അതുകൊണ്ട് ബാബയെയും ചക്രവർത്തി പദത്തെയും ഓർമ്മിക്കുകയാണെങ്കിൽ അന്തിമതി പോലെ ശ്രേഷ്ഠമാകും. ഇതാണ് സത്യമായ പിതാവ്, ഇവരുടെ സന്താ നമാകുന്നതിലൂടെ നിങ്ങൾ സത്യഖണ്ഢത്തിന്റെ അധികാരിയായി മാറും. ഏറ്റവും ആദ്യം ഭഗവാൻ ആരാണ് എന്നതിൽ പക്കയാക്കൂ. ഭഗവാൻ ബാബയാണ്, സമ്പത്ത് ചക്രവർത്തീ പദവിയും. ബാബയെ ഓർമ്മിക്കൂ എങ്കിൽ ഓർമ്മയിലൂടെ തന്നെ വികർമ്മം വിനാശമാകും നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകും. എത്ര സഹ ജമാണ്. ജന്മ-ജന്മാന്തരമായി ഭക്തിയുടെ കാര്യങ്ങൾ കേട്ട്-കേട്ട് ബുദ്ധിക്ക് പൂട്ട് വീണിരിക്കുന്നു. ബാബ വന്ന് താക്കോൽ ഉപയോഗിച്ച് പൂട്ട് തുറക്കുന്നു. ഇപ്പോൾ എല്ലാവരുടെയും കാത് അടഞ്ഞതുപോലെയാ ണ്. കല്ലുബുദ്ധിയാണ്. നിങ്ങൾ എഴുതുന്നുമുണ്ട് - ശിവബാബയെ ഓർമ്മിക്കുന്നുണ്ടോ? സ്വർഗ്ഗത്തിന്റെ സമ്പത്ത് ഓർമ്മയുണ്ടോ? ചക്രവർത്തീ പദവിയെ ഓർമ്മിക്കുന്നതിലൂടെ മുഖം മധുരമാകില്ലേ. ബാബ പറ യുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് എത്ര ഉപകാരമാണ് ചെയ്യുന്നത്. നിങ്ങളാണെങ്കിൽ അപകാരം മാത്ര മാണ് ചെയ്തുവന്നത്. അതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, ആരുടെയും ദോഷമല്ല. നിങ്ങൾ കുട്ടിക ളുടെ ഈ ദൗത്യം തന്നെ കല്ലുബുദ്ധികളെ പവിഴബുദ്ധി അഥവാ മുള്ളുകളെ പുഷ്പമാക്കുന്നതിന് വേണ്ടി യുള്ളതാണ്. നിങ്ങളുടെ ഈ ദൗത്യം  നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാവരും പരസ്പരം മുള്ളിൽ നിന്ന് പുഷ്പമാക്കിക്കൊണ്ടിരിക്കുകയാണ്. അവരെ ഇങ്ങനെയാക്കുന്ന  ഒരു രാജാ പുഷ്പവും തീർച്ച യായും ഉണ്ടാകും. സ്വർഗ്ഗത്തിന്റെ സ്ഥാപന  അഥവാ പൂക്കളുടെ പൂന്തോട്ടമുണ്ടാക്കുന്നത് ഒരേ ഒരു ബാബയാണ്. നിങ്ങളാണ് ഈശ്വരീയ സഹായികൾ. തമോപ്രധാനമായവരെ സതോപ്രധാനമാക്കണം - ഇതാണ് സഹായം വേറൊരു ബുദ്ധിമുട്ടും നൽകുന്നില്ല. മനസ്സിലാക്കിക്കൊടുക്കുന്നതും വളരെ സഹജമാ ണ്. കലിയുഗത്തിൽത്തന്നെയാണ് തമോപ്രധാനമാകുന്നത്. അഥവാ കലിയുഗത്തിന്റെ ആയുസ്സ് വർദ്ധിപ്പി ക്കുകയാണെങ്കിൽ ഇനിയും തമോപ്രധാനമാകും.

നിങ്ങൾക്കറിയാം ഇപ്പോൾ നമ്മളെ പുഷ്പമാക്കുന്ന ബാബ വന്നിരിക്കുന്നു. മുള്ളാക്കുന്നത് രാവണന്റെ ജോലിയാണ്. പുഷ്പമാക്കുന്നത് ബാബയാണ്. ആർക്കാണോ ശിവബാബയെ ഓർമ്മയുള്ളത്, അവർക്ക് സ്വർഗ്ഗവും തീർച്ചയായും ഓർമ്മയുണ്ടായിരിക്കും. പ്രഭാതത്തിൽ പരിപാടികൾ നടത്തുമ്പോൾ അതിലും കാണിക്കൂ അതായത് ഞങ്ങൾ പ്രജാപിതാ ബ്രഹ്മാകുമാർ-കുമാരിമാർ ഭാരതത്തിൽ ഈ ലക്ഷ്മീ നാരായ ണന്റെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ബ്രാഹ്മണനിൽ നിന്ന് ദേവതയാകുന്നു.  ദേവത യിൽ നിന്ന് പിന്നീട് ക്ഷത്രിയൻ, അതിൽ നിന്ന് വൈശ്യൻ. . . . ഇത് കരണം മറിച്ചിലാണ്. ആർക്കും മന സ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. നമ്മൾ ബ്രാഹ്മണരാണ്. ബ്രാഹ്മണർക്കാണ് കുടുമയുള്ളത്. നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമ്മൾ 84-ന്റെ ചക്രം പൂർത്തിയാക്കി. കുട്ടികൾക്ക് എത്ര നല്ല അറിവാണ് ലഭിക്കുന്നത്. മറ്റെല്ലാം ഭക്തിയാണ്. ജ്ഞാനം ഒരു ബാബ മാത്രമാണ് കേൾപ്പിക്കുന്നത്. സ്വർഗ്ഗത്തിന്റെ സദ്ഗതി ദാതാവ് ഒരു ബാബ മാത്രമാണ്. പുരുഷോത്തമ സംഗമയുഗവും ഒന്നുമാത്രമാണ്. ഈ സമയം ബാബ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ്. ഭക്തിയിൽ പിന്നീട് ഇതിന്റെ ഓർമ്മചിഹ്നമുണ്ട്.  ബാബ നിങ്ങൾ കുട്ടികൾക്ക് വഴി പറഞ്ഞ് തന്നിട്ടുണ്ട് അതിനാൽ പുരുഷാർത്ഥം ചെയ്യുന്നതിലൂടെ നിങ്ങൾക്ക്

ഈ സമ്പത്ത് നേടാൻ സാധിക്കും. ഈ പഠിപ്പ് വളരെ സഹജമാണ്. നരനിൽ നിന്ന് നാരായണനാകുന്ന തിനുള്ള പഠിപ്പാണ്. കഥ എന്ന് പറയുന്നത് തെറ്റാണ് എന്തുകൊണ്ടെന്നാൽ കഥയിൽ ലക്ഷ്യമുണ്ടാകാറില്ല. പഠിപ്പിൽ ലക്ഷ്യമുണ്ട്. ആരാണ് പഠിപ്പിക്കുന്നത്? ജ്ഞാന സാഗരൻ. ബാബ പറയുന്നു ഞാൻ വന്ന് നിങ്ങളുടെ സഞ്ചി രത്നങ്ങളാൽ നിറയ്ക്കുകയാണ്. പരിധിയില്ലാത്ത ബാബയോട് നിങ്ങൾ എന്ത് ചോദ്യം ചോദിക്കും. ഈ സമയം എല്ലാവരും കല്ലുബുദ്ധിയാണ്. രാവണനേയും അറിയില്ല. നിങ്ങൾക്കിപ്പോൾ ചോദിക്കാനുള്ള ബുദ്ധി ലഭിക്കുന്നു. മനുഷ്യരോട് ചോദിക്കൂ - ശരിക്കും രാവണൻ ആരാണ്? എപ്പോഴാണ് ജന്മമുണ്ടായത്? എപ്പോൾ മുതലാണ് കത്തിക്കാൻ തുടങ്ങിയത്? പറയും അനാദികാലം മുതലെന്ന്. നിങ്ങൾക്ക് അനേക പ്രകാരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കും. അതും സമയം വരുമ്പോൾ ചോദിക്കും. ആർക്കും ഉത്തരം പറയാൻ സാധിക്കില്ല. നിങ്ങളുടെ ആത്മാവ് ഓർമ്മയിൽ മുഴുകും. ഇപ്പോൾ സ്വയം തന്നോട് ചോദിക്കൂ - ഞാൻ സതോപ്രധാനമായിട്ടുണ്ടോ? മനസ്സ് സാക്ഷ്യം നൽകുന്നുണ്ടോ? ഇപ്പോൾ കർമ്മാതീത അവസ്ഥ ആയിട്ടില്ല. ഇപ്പോൾ നിങ്ങൾ വളരെ കുറച്ച് പേരാണുള്ളത് അതുകൊണ്ടാണ് ആരും നിങ്ങൾ പറയുന്നത് കേൾക്കാത്തത് മാത്രവുമല്ല നിങ്ങളുടെ കാര്യവും വേറിട്ടതാണ്. ഏറ്റവും ആദ്യം പറയൂ ബാബ സംഗമയുഗത്തിലാണ് വരുന്നത്. ഓരോ-ഓരോ കാര്യവും എപ്പോൾ മനസ്സിലാക്കുന്നോ അപ്പോഴേ മുന്നോട്ട് പോകാവൂ. വളരെ ധൈര്യത്തോടെ, വളരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം അതായത് നിങ്ങൾക്ക് രണ്ട് അച്ഛൻമാരുണ്ട്- ലൗകീകവും പാരലൗകീകവും. പാരലൗകീക അച്ഛനിൽ നിന്ന് സമ്പത്ത് അപ്പോഴാണ് ലഭിക്കുന്നത് എപ്പോഴാണോ സതോപ്രധാനമാകുന്നത്. ഓർമ്മയുണ്ടെങ്കിൽ സന്തോഷത്തിന്റെ രസം ഉയരും. നിങ്ങൾ കുട്ടികളിൽ ഗുണം നിറയുന്നു. ബാബ വന്ന് നിങ്ങൾ കുട്ടികളെ യോഗ്യരാക്കുന്നു. ആരോഗ്യവും-സമ്പത്തും നൽകുന്നു, ഗുണവും നല്ലതാക്കുന്നു. വിദ്യാഭ്യാസവും നൽകുന്നു. ജയിൽ ശിക്ഷകളിൽ നിന്നും മോചിപ്പിക്കുന്നു.

നിങ്ങൾക്ക് വളരെ നല്ലരീതിയിൽ മന്ത്രിമാർ മുതലായവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. മനസ്സിലാക്കിക്കൊടുക്കേണ്ടത് ഇങ്ങനെയായിരിക്കണം അവർക്ക് വെള്ളം പോലെ നേർപ്പിച്ച് നൽകണം. നിങ്ങളുടെ ജ്ഞാനം വളരെ മധുരമാണ്. സ്നേഹത്തോടെ ഇരുന്ന് കേൾക്കുകയാണെങ്കിൽ സ്നേഹത്തിന്റെ കണ്ണുനീർ വരും. എപ്പോഴും ഈ ദൃഷ്ടിയോടെ നോക്കൂ അതായത് ഞാൻ സഹോദരന് വഴി പറഞ്ഞുകൊടുക്കുകയാണ്. പറയൂ, ഞങ്ങൾ ശ്രീമതത്തിലൂടെ ഭാരതത്തിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഭാരതത്തിന്റെ സേവനത്തിൽ തന്നെയാണ് പണം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ബാബ പറയുന്നു ഡൽഹിയിൽ സേവനത്തിന്റെ വലയമിടൂ, വർദ്ധിപ്പിക്കൂ. എന്നാൽ ഇതുവരെയ്ക്കും ആരെയും അമ്പുകൊണ്ട് മുറിപ്പെടുത്തിയിട്ടില്ല, മുറിപ്പെടുത്തുന്നതിന് യോഗബലം വേണം. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ഒപ്പമൊപ്പം ജ്ഞാനവുമുണ്ട്. യോഗത്തിലൂടെ നിങ്ങൾക്ക് ആരെയും ആകർഷിക്കാൻ സാധിക്കും. ഇപ്പോൾ കുട്ടികൾ പ്രഭാഷണം വളരെ നന്നായി ചെയ്യുന്നുണ്ട് എന്നാൽ യോഗത്തിന്റെ ആകർഷണം കുറവാണ്. മുഖ്യമായ കാര്യം യോഗമാണ്. നിങ്ങൾ കുട്ടികൾ യോഗബലത്തിലൂടെയാണ് പവിത്രമാകുന്നത്. അതുകൊണ്ട് യോഗബലം വളരെ അത്യാവശ്യമാണ്. അതിന്റെ കുറവ് വളരെ അധികമുണ്ട്. ഉള്ളിന്റെയുള്ളിൽ സന്തോഷത്താൽ നൃത്തം ചെയ്യണം, ഇത് സന്തോഷത്തിന്റെ നൃത്തമാണ്. ഈ ജ്ഞാന-യോഗത്തിലൂടെ നിങ്ങളുടെ ഉള്ളിൽ നൃത്തമുണ്ടാകുന്നു. ബാബയുടെ ഓർമ്മയിൽ ഇരുന്നിരുന്ന് നിങ്ങൾ അശരീരിയാകുന്നു. ജ്ഞാനത്തിലൂടെ അശരീരിയാകണം, ഇതിൽ അപ്രത്യക്ഷമാകുന്നതിന്റെ കാര്യമില്ല, ബുദ്ധിയിൽ ജ്ഞാനം വേണം. ഇപ്പോൾ വീട്ടിലേക്ക് പോകണം പിന്നീട് രാജധാനിയിൽ വരും. ബാബ വിനാശത്തിന്റെയും സ്ഥാപനയുടെയും സാക്ഷാത്ക്കാരവും ചെയ്യിപ്പിച്ചിട്ടുണ്ട്. ഈ മുഴുവൻ ലോകവും അഗ്നിയ്ക്ക് ഇരയായിരിക്കുന്നു, നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോകാൻ യോഗ്യരായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വീട്ടിലേക്ക് പോകണം അതുകൊണ്ട് ശരീരത്തിൽ പോലും ഒരു മമത്വവും വെക്കരുത്. ഈ ശരീരത്തിൽ നിന്ന്, ഈ ലോകത്തിൽ നിന്ന് ഉപരാമമായിരിക്കണം. കേവലം തന്റെ വീടിനേയും രാജധാനിയേയും ഓർമ്മിക്കണം. ഒരു വസ്തുവിലും ആസക്തി ഉണ്ടായിരിക്കരുത്. മഹാവിനാശവും ഉണ്ടാകാനുള്ളതാണ്. എപ്പോഴാണോ വിനാശം ആരംഭിക്കുന്നത് അപ്പോൾ നിങ്ങൾക്ക് സന്തോഷമുണ്ടായിരിക്കും - അതെ, നമ്മൾ ട്രാൻസ്ഫറായിക്കഴിഞ്ഞു. പഴയ ലോകത്തിലെ ഏതെങ്കിലും വസ്തു ഓർമ്മ വന്നാൽ തോറ്റു. കുട്ടികളുടെ അടുത്ത് ഒന്നും തന്നെയില്ലെങ്കിൽ പിന്നെ എന്ത് ഓർമ്മ വരും? പരിധിയില്ലാത്ത മുഴുവൻ ലോകത്തിൽ നിന്നും മമത്വം ഇല്ലാതാകണം, ഇതിൽ പരിശ്രമമുണ്ട്. എപ്പോൾ ദേഹാഭിമാനം മുറിഞ്ഞുപോകുന്നുവോ അപ്പോൾ പരസ്പരം സഹോദരങ്ങളാണ് എന്ന ദൃഷ്ടി പക്കയാകും. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ എന്തെങ്കിലുമെന്തെങ്കിലും നഷ്ടമുണ്ടാകുന്നു. ദേഹീ-അഭിമാനിയാവുകയാണെങ്കിൽ നഷ്ടമുണ്ടാകില്ല. നമ്മൾ സഹോദരനെ പഠിപ്പിക്കുകയാണ്. സഹോദരനോട് സംസാരിക്കുകയാണ്, ഇത് പക്കയാക്കണം. സ്കോളർഷിപ്പ് നേടണമെങ്കിൽ ഇത്രയും പുരുഷാർത്ഥം ചെയ്യണം. മനസ്സിലാക്കിക്കൊടുക്കുമ്പോഴും ഓർമ്മ ഉണ്ടായിരിക്കണം നമ്മൾ സഹോദരങ്ങളാണ്. എല്ലാ ആത്മാ

ക്കളും ഒരു പിതാവിന്റെ സന്താനങ്ങളാണ്. എല്ലാ സഹോദരങ്ങൾക്കും അച്ഛന്റെ സമ്പത്തിനുമേൽ അവകാശമുണ്ട്. സഹോദരിയാണെന്ന ബോധം പോലും വരരുത്. ഇതിനെയാണ് പറയുന്നത് ആത്മാഭിമാനി. ആത്മാവിന് ഈ ശരീരം ലഭിച്ചിരിക്കുന്നു അതിൽ ചിലരുടെ ശരീരത്തിന് പുരുഷന്റെ പേര്, ചിലരുടെ ശരീരത്തിന് സ്ത്രീയുടെ പേര് വെച്ചിരിക്കുന്നു. ബാക്കി ആത്മാവ് ഇതിൽ നിന്ന് ഉപരിയാണ്. ചിന്തിക്കണം – ബാബ ഏതൊരു വഴിയാണോ പറഞ്ഞ് തരുന്നത് അത് തീർത്തും ശരിയാണ്. ഇവിടെ കുട്ടികൾ വരുന്നതുതന്നെ ഈ അഭ്യാസം ചെയ്യാൻ വേണ്ടിയാണ്. ട്രെയ്നിൽ ആർക്കും ബാഡ്ജുപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഇരുന്ന് ഓരോരുത്തരോടും ചോദിക്കൂ നിങ്ങൾക്ക് എത്ര അച്ഛന്മാരുണ്ട്? പിന്നീട് ഉത്തരം നൽകൂ. ഇതാണ് മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കാനുള്ള യുക്തി. നിങ്ങൾക്ക് രണ്ട് അച്ഛന്മാരാണ്, ഞങ്ങൾക്ക് മൂന്നുണ്ട്. ഈ അലൗകീക അച്ഛനിലൂടെയാണ് നമുക്ക് സമ്പത്ത് ലഭിക്കുന്നത്. നിങ്ങളുടെ പക്കൽ ഒന്നാന്തരം സാധനമുണ്ട്. ആരെങ്കിലും ചോദിക്കുകയാണ് ഇതിലൂടെ എന്താണ് ലാഭമുള്ളത്? പറയൂ, ഇത് ഞങ്ങളുടെ കർത്തവ്യമാണ് അന്ധരുടെ ഊന്നുവടിയായി വഴി കാണിച്ചുകൊടുക്കുക. ഏതുപോലെയാണോ കന്യാസ്ത്രീകൾ സേവനം ചെയ്യുന്നത്, അതുപോലെ നിങ്ങളും ചെയ്യൂ. നിങ്ങൾക്ക് വളരെയധികം പ്രജകളെ ഉണ്ടാക്കണം. ഉയർന്ന പദവി നേടുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യണം. എല്ലാവർക്കും ഉയരുന്ന കലയിലേക്കുള്ള വഴി നിങ്ങൾ പറഞ്ഞുകൊടുക്കുന്നു. ഒരു ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എങ്കിൽ സന്തോഷവും ഉണ്ടാകും വികർമ്മം വിനാശവുമാകും. ബാബയിൽ നിന്ന് സമ്പത്തെടുക്കുക വളരെ സഹജമാണ്. എന്നാൽ വളരെയധികം കുട്ടികൾ പിഴവ് വരുത്തുന്നുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം –

1. അന്തിമ സമയത്ത് പാസ്സാകുന്നതിനുവേണ്ടി ഈ ശരീരത്തിൽ നിന്നും ലോകത്തിൽ നിന്നും ഉപരാമമായി കഴിയണം, ഒരു വസ്തുവിലും ആസക്തി വെയ്ക്കരുത്. ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ ട്രാൻസ്ഫറായിക്കഴിഞ്ഞു.

2. വളരെ ധൈര്യത്തോടെയും സ്നേഹത്തോടെയും എല്ലാവർക്കും രണ്ട് അച്ഛന്മാരുടെ പരിചയം നൽകണം. ജ്ഞാന രത്നങ്ങളാൽ സഞ്ചി നിറച്ച് ദാനം ചെയ്യണം. മുള്ളുകളെ പൂക്കളാക്കുന്നതിനുള്ള സേവനം തീർച്ചയായും ചെയ്യണം.

## വരദാനം:– ബാബയിലും സേവനത്തിലും മുഴുകിയിരിക്കുന്ന നിർവ്വിഘ്നരും നിരന്തര സേവാധാരികളുമായി ഭവിക്കട്ടെ.

എവിടെ സേവനത്തിന്റെ ഉന്മേഷമുണ്ടോ അവിടെ അനേക പ്രശ്നങ്ങൾ സഹജമായിത്തന്നെ അരിക് ചേർന്ന് പോകും. ഒരു ബാബയിലും സേവനത്തിലും മുഴുകിയിരിക്കൂ എങ്കിൽ നിർവ്വിഘ്നരും നിരന്തര സേവാധാരിയും സഹജമായി മായാജീത്തുമായി മാറും. സമയാസമയം സേവനത്തിന്റെ രൂപരേഖ മാറിക്കൊണ്ടിരിക്കുന്നുണ്ട്, മാറിക്കൊണ്ടിരിക്കുകയും ചെയ്യും. ഇപ്പോൾ താങ്കൾ കുട്ടികൾക്ക് കൂടുതൽ പറയേണ്ടി വരില്ല, എന്നാൽ അവർ സ്വയം തന്നെ പറയും അതായത് ഇത് ശ്രേഷ്ഠ കാര്യമാണ് അതിനാൽ ഞങ്ങളെയും കൂടി സഹയോഗിയാക്കി മാറ്റൂ എന്ന്. ഇത് സമയത്തിന്റെ സമീപതയുടെ അടയാളമാണ്. അതിനാൽ നല്ല ഉന്മേഷ–ഉത്സാഹത്തോടെ സേവനം ചെയ്ത് മുന്നേറിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ:– സമ്പന്നതയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് പ്രകൃതിയുടെ ചഞ്ചലതകളെ നീങ്ങിക്കൊണ്ടിരിക്കുന്ന കാർമേഘങ്ങൾക്ക് സമാനം അനുഭവം ചെയ്യൂ.